**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3593** **08-10-2025 - ൽ മറുപടിയ്ക്ക്**

**റെഡ് സോണുകളിലെ നിർമ്മാണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | 2005-ലെ ദുരന്തനിവാരണനിയമം പ്രകാരം ഇടുക്കിയിലെ ഏതൊക്കെ പഞ്ചായത്തുകളിലാണ് റെഡ് സോണുകൾ നിശ്ചയിച്ചിട്ടുള്ളത്; വിശദാമാക്കാമോ; | (എ) | 2010 ൽ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കിയ ഉരുൾപ്പൊട്ടൽ സാധ്യത മാപ്പിൽ ഇടുക്കി ജില്ലയിലെ വിവിധ പ്രദേശങ്ങളെ ഉരുൾപ്പൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതയുടെ തീവ്രത അനുസരിച്ച് റെഡ്, ഓറഞ്ച് സോണുകളായി തിരിച്ചിട്ടുണ്ട്. ബഹു. കേരള ഹൈക്കോടതിയുടെ WPC 1801/2010 നമ്പർ കേസിലെ 27/06/2023 തീയതിയിലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ മൂന്നാർ, വെള്ളത്തൂവൽ, പള്ളിവാസൽ, ദേവികുളം, ചിന്നക്കനാൽ, ബൈസൺവാലി, ശാന്തൻപാറ, ഉടുമ്പൻചോല, മാങ്കുളം, മറയൂർ, ഇടമലക്കുടി, കാന്തല്ലൂർ, വട്ടവട എന്നീ 13 പഞ്ചായത്തുകളിൽ ജില്ലാ ദുരന്തനിവാരണ അതോറിറ്റി നിർമ്മാണ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടി നിയന്ത്രണങ്ങൾ പ്രകാരം ടി 13 പഞ്ചായത്തുകളിലെ റെഡ് സോണിൽ ഉൾപ്പെട്ട പ്രദേശങ്ങളിൽ 150 ചതുരശ്ര മീറ്റർ വരെയുള്ള വാസഗൃഹങ്ങൾ നിർമ്മിക്കുവാൻ അനുമതിയുള്ളതും വാണിജ്യ കെട്ടിടങ്ങൾക്ക് അനുമതി ഇല്ലാത്തതുമാണ്. |
| (ബി) | റെഡ് സോണുകളിലെ നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് ഭൂപതിവ് നിയമത്തോടൊപ്പം മറ്റ് ഏതു നിയമം ഭേദഗതി ചെയ്യേണ്ടിവരും; വ്യക്തമാക്കാമോ; | (ബി) | റെഡ് സോണുകളിലെ നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്ന വിഷയം റവന്യൂ വകുപ്പ് കൈകാര്യം ചെയ്യുന്നില്ല. |
| (സി) | ഇടുക്കിയിൽ റെഡ് സോണുകളായി പ്രഖ്യാപിച്ച പ്രദേശങ്ങൾ എങ്ങനെയാണ് തിരിച്ചറിഞ്ഞത്; വിശദമാക്കാമോ; | (സി) | 2010 ൽ ശാസ്ത്രീയ പഠനങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കിയ ഉരുൾപൊട്ടൽ സാധ്യത മാപ്പിൽ ഇടുക്കി ജില്ലയിലെ വിവിധ പ്രദേശങ്ങളെ ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതയുടെ തീവ്രത അനുസരിച്ച് റെഡ്, ഓറഞ്ച് സോണുകളായി തിരിച്ചിട്ടുണ്ട്. ഇതിന്റെ മാപ്പ് |

| | | | |
|---|---|---|---|
| | | | സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി വെബ്സൈറ്റിൽ ലഭ്യമാണ്. നിലവിൽ ഇടുക്കി ജില്ലയിലെ റെഡ് സോണുകൾ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ (GSI) 2022 ലെ ലാൻഡ്സ്ലൈഡ് സസെപ്റ്റിബിലിറ്റി മാപ്പ് അടിസ്ഥാനമാക്കി തിരിച്ചറിഞ്ഞു വരുന്നു. |
| (ഡി) | റെഡ് സോണുകളിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ നിവാസികളും സ്ഥാപനങ്ങളും നേരിടുന്ന പ്രധാന പ്രശ്നങ്ങൾ എന്താണ്; വിശദമാക്കാമോ? | (ഡി) | റെഡ് സോൺ പ്രദേശങ്ങളിൽ ജില്ലയിലെ 13 പഞ്ചായത്തുകളിൽ മാത്രമാണ് നിയന്ത്രണങ്ങൾ ഉള്ളത്. ഇവിടങ്ങളിൽ വാസ ഗൃഹങ്ങൾ നിർമ്മിക്കാമെങ്കിലും വാണിജ്യ കെട്ടിടങ്ങൾ നിർമ്മിക്കാൻ സാധിക്കില്ല എന്നത് മാത്രമാണ് പ്രധാന ബുദ്ധിമുട്ട്. 45 ഡിഗ്രിയിലധികം ചരിവുള്ളതും ചെങ്കുത്തായതുമായ പ്രദേശങ്ങളാണ് കൂടുതലായും റെഡ് സോണിൽ ഉൾപ്പെട്ട വരുന്നത് എന്നതിനാൽ ഇത്തരം പ്രദേശങ്ങൾ കെട്ടിട നിർമ്മാണത്തിനും മറ്റും അനുയോജ്യമല്ലാത്തതും ഇത്തരം പ്രദേശങ്ങളിൽ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് സുരക്ഷിതമല്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ